"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് -2026 മെയ് 13,14 തീയതികളിൽ ന്യൂഡൽഹിയിൽ വെച്ച് നടത്തുന്ന രാസ വ്യവസായ സുരക്ഷയെ സംബന്ധിച്ച ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രിയൽ സേഫ്റ്റി & ഹെൽത്ത് ഓഫീസർമാരുടെ ദേശീയ അവലോകന യോഗത്തിൽ പങ്കെടുക്കുന്നതിന് ഡയറക്ടർ ശ്രീ. പി. പ്രമോദ്-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.630/2026/LBR തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:- ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ 01.05.2026 തീയതിയിലെ ഡിഎഫ്ബി/1272/2026-ജി4 നമ്പർ കത്ത്.

**ഉത്തരവ്**

ദേശീയ ദുരന്ത നിവാരണ അതോറിറ്റി (NDMA), രാസ വ്യവസായ സുരക്ഷയെക്കുറിച്ച് ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രിയൽ സേഫ്റ്റി & ഹെൽത്ത് (DISH) ഓഫീസർമാരുടെ മെയ് 13, 14 തീയതികളിൽ ന്യൂഡൽഹിയിൽ വെച്ച് നടത്തുന്ന ദേശീയ അവലോകന യോഗത്തിൽ കേരള സംസ്ഥാന ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രിയൽ സേഫ്റ്റി & ഹെൽത്ത് (DISH) ഓഫീസർ ആയ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ പങ്കെടുത്ത് രാസ വ്യവസായ സുരക്ഷയെ സംബന്ധിച്ച പ്രസന്റേഷൻ നടത്തണമെന്നു ദേശീയ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചിതായും ആയതിനാൽ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അനുവാദവും ആയതിനുള്ള യാത്രാചെലവുകൾ നടപ്പ് സാമ്പത്തിക വർഷം ടി വകുപ്പിന് അനുവദിച്ചിട്ടുള്ള "2230-01-102-95-04-TE-1 Tour TA (പ്ലാൻ)" ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനുള്ള അനുമതിയും നൽകണമെന്ന് ഫാക്ടറീസ് & ബോയിലേഴ്സ്, ഡയറക്ടർ പരാമർശം പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ദേശീയ ദുരന്ത നിവാരണ അതോറിറ്റി രാസ വ്യവസായ സുരക്ഷയെക്കുറിച്ച് 2026 മെയ് 13, 14 തീയതികളിൽ ന്യൂഡൽഹിയിൽ വച്ച് നടത്തുന്ന ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രിയൽ സേഫ്റ്റി & ഹെൽത്ത് ഓഫീസർമാരുടെ ദേശീയ അവലോകന യോഗത്തിൽ പങ്കെടുക്കുന്നതിന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ ശ്രീ. പി. പ്രമോദ്-ന് അനുമതി നൽകിയും ആയതിനുള്ള യാത്രാചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തിലെ "2230-01-102-95-04-TE-1 Tour TA (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കുരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Abhilash S S
Date: 08-05-2026 15:43:48

സെക്ഷൻ ഓഫീസർ